## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2875 07.02.2018 ലെ മറുപടിയ്ക്ക്

## പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള നടപടികൾ

**ചോദ്യം**

**ശ്രീ. എം. രാജഗോപാലൻ**

**ഉത്തരം**

**ശ്രീ. ജി. സുധാകരൻ**

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി പി.ഡബ്ല്യു.ഡി സെക്ഷനിലെ ഏണിച്ചാൽ പാലം, പോത്താംകണ്ടം -പാടിച്ചാൽ റോഡിലെ പോത്താംകണ്ടം പാലം, നാഷണൽ ഹൈവേയിൽ മയ്യിച്ച പാലം, മുണ്ടേമ്മാട് പാലം എന്നിവ അപകടാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏണിച്ചാൽ പാലം പുതുക്കി പണിയുന്നതിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. പോത്താംകണ്ടം പാലം പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. മുണ്ടേമ്മാട് പാലം അപകടാവസ്ഥയിലാണ്. ഇത് സംബന്ധിച്ച് ഒരു ഇൻസ്പെഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് പുതിയപാലം നിർമ്മിക്കുകയോ അല്ലെങ്കിൽ അറ്റകുറ്റ പണി നടത്തുകയോ ചെയ്യേണ്ടതുണ്ട്. ദേശീയ പാത വിഭാഗത്തിന് കീഴിലുള്ള മയ്യിച്ച പാലം നിലവിൽ അപകടാവസ്ഥയിലല്ല.

S. Bindu

**സെക്ഷൻ ഓഫീസർ**